ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.07.2026**

## പ്രധാനവാർത്തകൾ

1.) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് തിങ്കളാഴ്ച തുടക്കം. ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങൾ പ്രധാനമന്ത്രി സന്ദർശിക്കും.

2.) ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി പെരുമ്പാവൂരിൽ ലഹരിവിരുദ്ധ ബഹുജന റാലിക്ക് നേതൃത്വം നൽകി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങൾ മന്ത്രി സന്ദർശിച്ചു.

3.) മുൻഗണനാ റേഷൻ കാർഡ് അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ പുതുക്കി റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകി ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ്.

4.) അമോണിയ ചോർച്ചയെ തുടർന്ന് തമിഴ്നാട്ടിൽ ചികിത്സയിലായിരുന്ന മൂന്ന് മലയാളികളെ നാളെ തിരികെ എത്തിക്കുമെന്ന് തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണ

5.) സംസ്ഥാനത്ത് ശക്തമായ മഴ തുടരും. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6.) ഫിഫ ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ- ഈജിപ്റ്റിനെ നേരിടും. അർജന്റീന- കാബോ വെർദെ മത്സരം നാളെ പുലർച്ചെ 3.30 ന്

******************

## പ്രധാനമന്ത്രി വിദേശയാത്ര

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് തിങ്കളാഴ്ച തുടക്കമാവും. ആറ് ദിവസത്തിനിടെ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുക. ഇന്ത്യ-ഇന്തോനേഷ്യ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ സന്ദർശനത്തിൻറെ ഭാഗമായി നടക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ മെൽബണിൽ എത്തുന്ന പ്രധാനമന്ത്രി ഇന്ത്യ- ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. തുടർന്ന് ന്യൂസിലൻഡിലെത്തുന്ന അദ്ദേഹം, ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണുമായി കൂടിക്കാഴ്ച നടത്തും

******************

## രമേശ് ചെന്നിത്തല (ഇൻട്രോ)

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നേതൃത്വം നൽകുന്ന ലഹരിവിരുദ്ധ ബഹുജന റാലി പെരുമ്പാവൂരിൽ നടന്നു. തൂഫാൻ ജാഗരൺ ജനകീയ ബോധവത്കരണ ക്യാമ്പയിൻറെ ഭാഗമായി അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ മന്ത്രി സന്ദർശനം നടത്തി. പോലീസ് മാത്രം വിചാരിച്ചാൽ ലഹരി നിർമ്മാർജ്ജനം സാധ്യമാകില്ലെന്നും, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ ഇതിന് ആവശ്യമാണെന്നും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു. ലഹരി വ്യാപനം തടയുന്നതിനായി പെരുമ്പാവൂരിൽ കൂടുതൽ പോലീസിനെ നിയോഗിക്കുമെന്നും, തൂഫാൻ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് സംസ്ഥാനത്ത് രൂപീകരിക്കുമെന്നും അദ്ദേഹം

RNU TVPM

വ്യക്തമാക്കി.
(ഹോൾഡ്)

******************

## മുൻഗണനാ റേഷൻ കാർഡ്

സംസ്ഥാനത്ത് മുൻഗണനാ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകി ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ്. നിലവിലുള്ള 2017 ലെ ഉത്തരവിൽ കാലോചിതമായ ഭേദഗതി വരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മുൻഗണനാ കാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങളായ നാലുചക്ര വാഹനം, വീടിന്റെ വിസ്തീർണ്ണം, ഭൂവിസ്തൃതി എന്നിവയിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ എന്നാണ് പ്രധാനമായും പരിശോധിക്കുന്നത്. അർഹരായ പാവപ്പെട്ടവർക്ക് മുൻഗണനാ ആനുകൂല്യങ്ങൾ ഉറപ്പാക്കാനും അനർഹരെ ഒഴിവാക്കാനും ലക്ഷ്യമിട്ടാണ് ഈ നീക്കം. ആദിവാസി - ഗോത്രവർഗ ഉന്നതികളിൽ സഞ്ചരിക്കുന്ന റേഷൻകട വഴി റേഷൻ ധാന്യം എത്തിച്ചുനൽകുന്ന പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് സമർപ്പിക്കാനും മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

RNU TVPM

******************

## പനി ഷിഗല്ല

സംസ്ഥാനത്ത് ആറ് പേർക്ക് ഇന്ന് ഷിഗല്ല സ്ഥിരീകരിച്ചു. തിരുവനന്തപുരം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലാണ് ഇന്ന് രോഗബാധ സ്ഥിരീകരിച്ചത്. 150 പേർക്ക് ഡെങ്കിപ്പനിയും, 15 പേർക്ക് എലിപ്പനിയും, 10 പേർക്ക് മലേറിയയും സ്ഥിരീകരിച്ചിട്ടുണ്ട്. 11,000 ൽ ഏറെപ്പേർ പനി ബാധിച്ച് വിവിധ ആശുപത്രികളിൽ ഇന്ന് ചികിത്സ തേടി.

******************

## വയനാട് - കെ.മുരളീധരൻ

വയനാട് മെഡിക്കൽ കോളജിനെ മാനന്തവാടിയിൽ തന്നെ നിലനിർത്തുമെന്നും സ്ഥലം ലഭ്യമായില്ലെങ്കിൽ മാത്രമേ മാറ്റത്തെ കുറിച്ച് ആലോചിക്കുയുള്ളു എന്നും ആരോഗ്യ മന്ത്രി കെ

മുരളീധരൻ. ഒരുവർഷത്തിനുള്ളിൽ നടപടി ആയില്ലെങ്കിൽ അംഗീകാരം നഷ്ടപ്പെടുമെന്നതിനാൽ, ഇത്തരം സാഹചര്യം ഉണ്ടാകാൻ അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. മടക്കിമലയിൽ സൗജന്യമായി സർക്കാരിന് ലഭിച്ച ഭൂമി ആശുപത്രി ആവശ്യങ്ങൾക്ക് തന്നെ ഉപയോഗിക്കുമെന്നും ശ്രീ മുരളീധരൻ വ്യക്തമാക്കി.

******************

## ബിന്ദു കൃഷ്ണ

തമിഴ്നാട് തിരുവള്ളൂരിൽ മത്സ്യ സംസ്കരണ യൂണിറ്റിലെ അമോണിയ ചോർച്ചയെ തുടർന്ന് ചികിത്സയിലായിരുന്ന മൂന്ന് മലയാളി തൊഴിലാളികളെ നാളെ തിരികെ നാട്ടിൽ എത്തിക്കുമെന്ന് തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണ. ജൂൺ 21നാണ് തിരുവല്ല സ്വദേശി ബിജു തോമസ്, കട്ടപ്പന സ്വദേശിനി സുജാത, മാവേലിക്കര സ്വദേശി ഷിബു എന്നിവരെ വാതക ചോർച്ചയെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

PNU TVPM

******************

## എം പിമാരുടെ കോൺഫറൻസ്

പാർലമെൻറിൻറെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി കേരളത്തിൽ നിന്നുള്ള എംപിമാരുടെ സമ്മേളനം ഈ മാസം 9ന് തിരുവനന്തപുരത്ത് ചേരും. സംസ്ഥാനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും, മൺസൂൺ സമ്മേളനത്തിൽ ഉന്നയിക്കേണ്ട കാര്യങ്ങളും സമ്മേളനത്തിൽ ചർച്ച ചെയ്യും.

******************

## മുണ്ടിനീര് വ്യാപനം (ഇൻട്രോ)

മുണ്ടിനീര് വ്യാപനത്തെത്തുടർന്ന് ആലപ്പുഴ ജില്ലയിലെ തുമ്പോളി എസ്.എൻ.വി.എൽ.പി സ്കൂളിന് 21 ദിവസത്തേക്ക് അവധി അനുവദിച്ച് ജില്ലാ കളക്ടർ . ഒരു വർഷത്തിനിടെ ആലപ്പുഴ

ജില്ലയിൽ  മുണ്ടിനീർ പ്രതിരോധത്തിൻറെ
ഭാഗമായി അടച്ചിടേണ്ടിവന്നത് 45 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ.**
(വോയ്സ്)

******************

<u>ഡെങ്കിപ്പനി - ഡി.എം.ഒ</u>

തിരുവനന്തപുരം ജില്ലയിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ . മഴ ഇടവിട്ട് പെയ്യുന്നതിനാൽ ഡെങ്കിപ്പനിക്ക് കാരണമാകുന്ന ഈഡിസ് കൊതുകുകൾ മുട്ടയിട്ട് പെരുകാനുള്ള സാധ്യത കൂടുതലാണെന്നും പ്രതിരോധത്തിന്റെ ഭാഗമായി, വെള്ളിയാഴ്ച ദിവസങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശനിയാഴ്ച ദിവസങ്ങളിൽ തൊഴിലിടങ്ങളിലും ഞായറാഴ്ചകളിൽ വീടുകളിലും ഡ്രൈ ഡേ ആചാരിക്കണമെന്നും ഡിഎംഒ അഭ്യർത്ഥിച്ചു.

******************

<u>മാരിയില്ലാ മഴക്കാലം (ഇൻട്രോ)</u>

വിദ്യാലയങ്ങളിൽ കൊതുകുജന്യ രോഗങ്ങൾ തടയാൻ ലക്ഷ്യമിട്ട് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സഹകരണത്തോടെ  നടപ്പാക്കുന്ന 'മാരിയില്ലാ  മഴക്കാലം'  മത്സര കാമ്പയിന് തുടക്കമായി. മന്ത്രി എൻ.ഷംസുദ്ദീൻ ഉദ്ഘാടനം നിർവഹിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

(വോയ്സ്)

******************

<u>മഴ</u>

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ഇന്ന് കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ  ഓറഞ്ച് ജാഗ്രതയും 10 ജില്ലകളിൽ

RNU TVPM

മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. തിരുവനന്തപുരം. കൊല്ലം, ആലപ്പുഴ ഒഴികെ എല്ലാ ജില്ലകളിലും നാളെ മഞ്ഞ ജാഗ്രതയാണ്. കേരള ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്ത് ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

******************

## മുംബൈ മഴ

മുംബൈ ഉൾപ്പെടെ മഹാരാഷ്ട്രയുടെ വിവിധ മേഖലകളിൽ ദിവസങ്ങളായി തുടരുന്ന അതിശക്തമായ മഴയിൽ ജനജീവിതം ദുരിതത്തിൽ. മുംബൈയിൽ അടുത്ത മൂന്ന് ദിവസം കൂടി ഓറഞ്ച് ജാഗ്രത നൽകിയിരിക്കുകയാണ്. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടത് ഗതാഗത സംവിധാനങ്ങളെയടക്കം ബാധിച്ചിട്ടുണ്ട്

******************

RNUTVPM

## ഫിഫ

ഫിഫ ലോകകപ്പ് ഫുട്ബോൾ നോക്ക് ഔട്ട് മത്സരത്തിൽ ഓസ്ട്രേലിയ ഇന്ന് ഈജിപ്തിനെ നേരിടും. രാത്രി 11.30 നാണ് മത്സരം ആരംഭിക്കുന്നത്. നാളെ പുലർച്ചെ 3.30ന് നടക്കുന്ന മത്സരത്തിൽ ലോക ചാമ്പ്യൻമാരായ അർജന്റീന, നവാഗതരായ കാബോ വെർദെയെ നേരിടും. കൊളംബിയ-ഘാന മത്സരം നാളെ രാവിലെ 7 മണിക്കാണ്.

******************

## ഇന്ത്യ-ഇംഗ്ലണ്ട് ടി20

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി 20 പരമ്പരയിലെ രണ്ടാം മത്സരം നാളെ . ഇംഗ്ലണ്ടിലെ സ്ട്രെറ്റ്ഫോഡിൽ ഇന്ത്യൻ സമയം രാത്രി 7 മണിക്കാണ് മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരം മഴ മൂലം ഉപേക്ഷിച്ചിരുന്നു.

******************

## സെൻസെക്സ്- സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. സെൻസെക്സ് 262 പോയിന്റ് ഉയർന്ന് 77,764 ലും നിഫ്റ്റി 95 പോയിന്റ് നേട്ടത്തിൽ 24,271 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില ഉയർന്നു. പവന് 1000 രൂപ വർധിച്ച് ഒരു ലക്ഷത്തി 7,800 രൂപയും ഗ്രാമിന് 13,475 രൂപയുമാണ് ഇന്നത്തെവില.

******************

## ശാന്തൻപാറ- അപകടം

ഇടുക്കി ശാന്തൻപാറയ്ക്ക് സമീപം, തോണ്ടിമലയിൽ ജീപ്പ് അപകടത്തിൽപ്പെട്ട് നിരവധി പേർക്ക് പരിക്ക് . തോട്ടം തൊഴിലാളികളുമായി

പോവുകയായിരുന്ന ജീപ്പാണ് അപകടത്തിൽ പെട്ടത് .

പരിക്കേറ്റവരെ സമീപത്തെ ആശുപത്രികളിലേക്ക് മാറ്റി .

******************

## സ്കൂൾ വാൻ അപകടം

തിരുവനന്തപുരം നെയ്യാറ്റിൻകര പ്ലാമൂട്ട്കടയിൽ സ്കൂൾ വാൻ മറിഞ്ഞുണ്ടായ അപകടത്തിൽ നാല് കുട്ടികൾക്ക് പരിക്ക്. ആരുടെയും പരിക്ക് ഗുരുതരമല്ല. ന്യൂ ജ്യോതി പബ്ലിക് സ്കൂളിലെ വാൻ ആണ് സ്കൂൾ വിട്ട് തിരികെ പോകുന്നതിനിടെ അപകടത്തിൽപ്പെട്ടത്.

******************

***************

******

RNU TVPM